ADJOURNMENT MOTION

9 a. m.] Serious Situation alleged to be prevailing in the Churuli-Keerithodu area

Mr. Chairman : I have received notice of an adjournment motion from Shri E. M. Sankaran Namboodiripad, Leader of the Opposition. I call upon the Chief Minister to state the facts.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ഈ വിഷയം കഴിഞ്ഞ ഒരു ദിവസവും ഇവിടെ ആലോചനക്ക് വന്നതാണ്. അനധികൃതമായി വനം കയ്യേറിയിട്ടുള്ളവരെ അവിടെനിന്നുമിറക്കി പുനരധിവസിപ്പിക്കുന്നതിനുവേണ്ട നടപടികളും എടുത്തതിനെത്തുടർന്ന് അവിടെ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ചില സംഭവങ്ങളെ ആസ്പദമാക്കിയാണ് ഇന്നും ഈ വിഷയം ഇവിടെ ഉന്നയിക്കപ്പെട്ടതു്. സർ, അന്ന് എന്താണ് അവിടെ സംഭവിച്ചതു് എന്നുള്ളതിനെപ്പറ്റി സാമാന്യം വിശദമായ വിവരങ്ങൾ ഞാൻ ഇവിടെ നൽകുകയുണ്ടായി. അവിടെ പോലീസ് അനാവശ്യമായി ബലപ്രയോഗം നടത്തി, വെടിവയ്പുനടത്തി, ചില ആളുകളെ ചട്ടുകാരിച്ചു, മനപൂർവ്വമായി ആ പ്രദേശം ഒരു ഭീകരരംഗമാക്കിത്തീർത്തിരിക്കുന്നു, അവിടെ ആരേയും കടത്തിവിടാൻ അനുവദിക്കുന്നില്ല, അവിടെ അതിനുള്ളിൽ എന്തോ ഭീകരപ്രവർത്തനങ്ങൾ നടക്കുന്നു, എന്നിങ്ങനെയുള്ള കാര്യങ്ങൾ അവിടെ അനുസൃതമായി ചെയ്തുകാണ്ട് എന്നുള്ള റിപ്പോർട്ടുകൾ ഇവിടെ ഒരുവിഭാഗം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ആ റിപ്പോർട്ടുകൾ അടിസ്ഥാനരഹിതങ്ങളാണെന്നും, ഇതു സംബന്ധിച്ച് ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികൾ ഇന്നതെല്ലാമാണെന്നും, പോലീസ് അവിടെ നടത്തിയ പ്രവർത്തനങ്ങൾ എന്താണെന്നുള്ള കാര്യങ്ങൾ വിശദീകരിക്കുന്ന പ്രസ്നോട്ട് ഗവണ്മെൻറ് പ്രസിദ്ധീകരണത്തിനു് പത്രങ്ങൾക്കു് കൊടുത്തിരുന്നു. സംഭ്രമജനകമായ ഇത്തരം കഥകൾ പ്രചരിപ്പിച്ച ഈ പത്രങ്ങൾ ഗവണ്മെൻറിൻെറ ഈ വിശദീകരണം തക്കസമയത്തു് പ്രസിദ്ധീകരിക്കാൻ കൂട്ടാക്കിയില്ല എന്നുള്ളതാണ് പരമാർത്ഥം. അങ്ങനെ ഈ സംഭവം വർദ്ധിച്ചുകൊള്ളട്ടെ എന്ന കരുതിയായിരിക്കണം യാതൊരു അടിസ്ഥാനവുമില്ലാതെ കേവലം കെട്ടുകഥകളുണ്ടാക്കി അതിനു് വളരെ ഭീകരമായ രൂപവും കൊടുത്തു് പ്രസിദ്ധീകരണം നടത്തുകയാണ് ഈ രാജ്യത്തെ ചില പത്രങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു്. അതിൻെറ സത്യാവസ്ഥ എന്താണെന്നറിയാൻ ഈ രാജ്യത്തിലെ മുഴുവൻ ജനങ്ങളും ആഗ്രഹിച്ചില്ലെങ്കിലും ജനങ്ങളിൽ ചിലർ അതെന്താണെന്നറിയാൻ വളരെ താല്പര്യംപ്രകടിപ്പിച്ചിരുന്നു. അവിടെ നടന്നതു ഇന്നതാണെന്നു ഞാനൊരിക്കൽ ഇവിടെ പറഞ്ഞതാണ്. അക്രമാസക്തരായ ഒരു കൂട്ടം ആളുകൾ മലനാട്ടു് കർഷകയൂണിയൻ പ്രവർത്തകരുടെ നേതൃത്വത്തിൽ പോലീസിനെ ഡിഫൈ ചെയ്യാനും, പോലീസു് ക്യാമ്പു ചെയ്യുന്നതിനു് തയ്യാറാക്കിയ ഷെഡ്ഡുകളും മറ്റും ചുട്ടു നശിപ്പിക്കുന്നതിനും സന്നദ്ധരായി, അവർ പിരിഞ്ഞുപോകാത്തതുകൊണ്ടു് നിയമപ്രകാരം കൊടുക്കേണ്ട എല്ലാത്തരം വാണിംഗ്സും കൊടുത്തതിനുശേഷം, സമാധാനപരമായി പിരിഞ്ഞുപോകാൻ വളരെ പ്രാവശ്യം ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാതെ പോലീസിനെ കല്ലെറിയുകയും ചൂട്ടുകത്തിച്ചു ഷെഡ്ഡിനെറിയുകയും ചെയ്തപ്പോഴാണ് പോലീസു് ടീയർഗ്യാസു് പ്രയോഗം നടത്താൻ നിർബന്ധമായതെന്നു ഞാൻ ഇവിടെ പറയുകയുണ്ടായി. ടീയർഗ്യാസു് പ്രയോഗംകൊണ്ടു് വിചാരിച്ച ഫലമുണ്ടായില്ല. ടീയർഗ്യാസു് പ്രയോഗിച്ചാൽത്തന്നെ കാറ്റിൻെറ സൗകര്യംകൂടിയുള്ളപ്പോഴെ ആളുകളെ പിരിച്ചുവിടുന്നതിനു് പ്രയോജനപ്പെടുകയുള്ളു, ഒരുവിധം നിരപ്പുള്ള ഭൂമിയെങ്കിൽ മാത്രമേ അതു പ്രയോജനപ്പെടുകയുള്ളു. വാസ്തവത്തിൽ യാതൊരു ബലപ്രയോഗവുംകൂടാതെ ആളുകളെ പിരിച്ചുവിടുന്നതിനുവേണ്ടിയാണ് പോലീസു് ഇങ്ങനെ ചെയ്തതു്. എന്നിട്ടു് യാതൊരു ഫലവുമുണ്ടായില്ല. പിന്നീടു് ടീയർഗ്യാസു് ഗ്രനേഡുകൾ പ്രയോഗിച്ചു എന്നിട്ടും ആളുകൾ പിരിഞ്ഞുപോയില്ല. കൂടുതൽ കല്ലേറും ഉണ്ടാകാൻ തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

16 കാൺസ്റ്റബിൾമാർക്കും, ഒന്നരണ്ടു ഹെഡ്കാൺസ്റ്റബിൾമർക്കും, സബ് ഇൻസ്പെക്ടറർക്കും പരിക്കുകളും ഏൽക്കുകയുണ്ടായി. ഈ അവസ്ഥയിൽ പോലീസിനു ലാത്തിച്ചാർജ്ജ് ചെയ്യാൻ മജിസ്ട്രേട്ട് ആർഡർ കൊടുത്തു. അങ്ങനെ ലാത്തിച്ചാർജ്ജ് നടന്നു. കുറേപേർക്ക് പരിക്ക് പറ്റി. ലാത്തിച്ചാർജിനെത്തുടർന്ന് അവരെല്ലാം അങ്ങോട്ടുമിങ്ങോട്ടും ഓടിപ്പോയി. അവിടെ വളരെ നിരന്ന ഭൂമിയല്ലാത്തതുകൊണ്ട് കുറേയും കല്ലുംകൊണ്ടും ഓടിയതിൽ തന്നെ മറിഞ്ഞുവീണും പലർക്കും പരിക്കു പറ്റിയിട്ടുണ്ട്. പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതിന്റെ ഫലമായും പരിക്കുകളും ഉണ്ടായിട്ടുണ്ട്. ആരുടേയും പരിക്ക് ഗുരുതരമല്ല. ഇതുയും വസ്തുത ഞാൻ ഇവിടെ പറഞ്ഞതാണ്. ഇതുയും ശരിയാണെന്നു ഇപ്പോഴും ഞാൻ പറയുന്നു. അന്നു അവിടെ ആരേയും കടത്തിവിട്ടില്ല എന്നുള്ളതായിരുന്ന വലിയൊരു പരാതി. യഥാർത്ഥത്തിൽ മറ്റാളുകളെ അനുവാദംകൂടാതെ കടത്തിവിടുന്നതു് അപകടകരമാണെന്നു ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർക്ക് അഭിപ്രായമുണ്ടായിരുന്നു. അവർ ആ അഭിപ്രായം ഗവണ്മെൻറിനെ അറിയിച്ചു. അവർ പറഞ്ഞതു് മലനാട് കർഷകയൂണിയൻ പ്രവർത്തകരുടെ ആധിമുഖ്യത്തിൽ അതിന്റെ ചുറ്റുപാടുള്ളവരും വനപ്രദേശങ്ങളിൽ കയ്യേറിയിട്ടുള്ളവരും നാട്ടിൻപുറങ്ങളിലുള്ള ആളുകളുമെല്ലാംകൂടി ജഥായായി സംഘടിച്ച് പല വഴിക്കുംകൂടി മാർച്ചുചെയ്ത് ആ പ്രദേശത്തു് എത്തിയാൽ അവിടെ യാതൊരു പ്രവർത്തനവും നടക്കാതിരിക്കത്തക്കവണ്ണം അന്തരീക്ഷമുണ്ടാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് അതിനെ കരുതിക്കൂട്ടി തടയണമെന്നാണ്. അങ്ങനെയുള്ള പ്രവർത്തനം നടക്കുന്നുണ്ടെന്നു തെളിവുകിട്ടിയപ്പോൾ അവിടെ ആളുകളെ പ്രവേശിപ്പിക്കാതിരിക്കുന്നതു് കേവലം ബുദ്ധിപൂർവ്വമായി ചെയ്യാവുന്ന ഒരു പ്രവൃത്തിയാണ്. അതിനിടയിൽ ഉത്തരവാദിത്വമുള്ള പത്രപ്രവർത്തകരേയും അയച്ചില്ലല്ലോ എന്നു പറഞ്ഞു. പത്രപ്രവർത്തകരെ അയക്കുന്നതും ഈ പ്രവർത്തനത്തിനു് വിഘാതമായിരിക്കുമെന്നുതോന്നി. സർ, വളരെ മനപൂർവ്വമായി അക്രമാസക്തമായി പെരുമാറുന്ന ഒരുകൂട്ടം ജനങ്ങളുടെയിടയിൽ അതൊക്കെ അന്വേഷിക്കാൻ കുറെ ആളുകൾകൂടി അകപ്പെട്ടുകഴിഞ്ഞാൽ പോലീസിനു് യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ലാത്ത അവസ്ഥവരും. കാട്ടിനു് തീവച്ചു, ഷെഡ്ഡിനു് തീവച്ചു. പോലീസിനെ നശിപ്പിക്കാനുള്ള ഒരു ശ്രമമാണു് അവർ നടത്തിയതു്. പോലീസിനു് പ്രാണരക്ഷാർത്ഥം പ്രവർത്തിക്കേണ്ട രംഗംവന്നു. അങ്ങനെയാണു് പോലീസു് ലാത്തിച്ചാർജ്ജ് ചെയ്തതു്. അങ്ങനെയുള്ള രംഗങ്ങളിൽ ഇതുമായി ബന്ധപ്പെടാത്ത മാന്യന്മാരെ അവിടെ കടത്തിവിട്ടാൽ പോലീസിനു് അവരുടെ പ്രവർത്തനം ശരിയായി നടത്താൻ കഴിയുകയില്ലെന്നുള്ള കാര്യം എല്ലാവർക്കും മനസിലാക്കാൻ കഴിയും. അതുകൊണ്ടു് അങ്ങനെയുള്ളവരെപ്പോലും കടത്തിവിടാൻ പ്രയാസമുണ്ടായി. മാറുള്ള കുറേ ആളുകളും കടന്നുപോകാൻ ശ്രമിച്ചതു് അവിടെചെന്നു കൂടുതൽ കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടിയാണു്. അതുകൊണ്ടു് അവരേയും കടത്തിവിടാൻ വയ്യാതായി. പോലീസു് അതായതു സ്ഥലങ്ങളിൽ കഴിവുള്ളിടത്തോളം ആളുകളും പ്രവേശിക്കാതിരിക്കത്തക്കവണ്ണം ഒരു കോർണർ ഉണ്ടാക്കിയെങ്കിലും അതു് വളരെ ഫലപ്രദമായി എന്നു പറഞ്ഞുകൂടാ. എന്താണെന്നുവച്ചാൽ 27—ാം തീയതി 200-ഓളം വരുന്ന ഒരു സംഘം ആളുകളും അവിടെ കടന്നുചെന്നു. സമീപത്തുള്ള കോട്ടയം ജില്ലയിലെ ഉടമ്പൻചോല പ്രദേശത്തുനിന്നു കടന്നുചെന്നവരാണു് അവർ. അവർ മറ്റുള്ളവരെപോലെതന്നെ ഹോസ്റ്റയിലായി പെരുമാറി. പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടു് അവർ അതിനു് കൂട്ടാക്കിയില്ല. അവരും കല്ലും കട്ടയും ഉപയോഗിച്ചു് ആക്രമണം നടത്താൻ സന്നദ്ധരായി. അവരേയും വാൺ ചെയ്തതിനുശേഷം പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടു് പിരിഞ്ഞുപോകാതിരുന്നപ്പോൾ പോലീസു് അവരുടെ നേർക്കു് രണ്ടു ടീയർഗ്യാസു ഷെല്ലുകളും പ്രയോഗിച്ചു. അതു രണ്ടും പൊട്ടിയപ്പോൾ ആളുകളും പലവഴിക്കും ഓടി. ടീയർഗ്യാസും പൊട്ടിയപ്പോൾ ആളുകളും പിരിഞ്ഞുപോയതു് തലേദിവസം സംഭവിച്ചതുപോലെ വല്ലതും സംഭവിക്കുമെന്നു കരുതിയായിരിക്കാം. എന്തായാലും അവർ പിരിഞ്ഞുപോയി. അതിനുശേഷം ഈ ഇൻഫിൽട്രേഷൻ തടയുന്നതിനു് കുറെ

LIBRARY ARCHIVES Kerala Legislative Assembly

കർശനമായ നടപടികളെടുത്തു. അതിനിടയിൽ അവിടെ പോയി അന്വേഷണം നടത്തണമെന്നു പ്രതിപക്ഷനേതാവു് ഉൾപ്പെടെ പ്രതിപക്ഷത്തിലെ ചില അംഗങ്ങൾക്കും, ഭരണകക്ഷിയിൽപ്പെട്ട ചില അംഗങ്ങൾക്കും അഭിപ്രായമുള്ളതായി എനിക്കു് അറിവു് കിട്ടി. അവരെ അവിടെ പോകാൻ അനുവദിക്കുന്നതിനു് എറണാകുളം കളക്ടർക്കു് അപ്പോൾതന്നെ നിർദ്ദേശം കൊടുത്തു. ഉത്തരവാദിത്വമുള്ള പത്രപ്രതിനിധികളിൽ ഏതാനുംപേർക്കു പോകണമെങ്കിൽ അവരെ അയക്കുന്നതിനുള്ള ഡിസ്ക്രിഷൻ കളക്ടർക്കു കൊടുത്തു. അങ്ങനെ കഴിഞ്ഞ ചില ദിവസങ്ങളിൽ ഭരണകക്ഷിയിൽപ്പെട്ട നാലഞ്ചു് ആളുകളും പ്രതിപക്ഷത്തിൽപ്പെട്ട നാലഞ്ചു ആളുകളും, പിന്നീടു് ഈ രാജ്യത്തു് പൊതുരംഗങ്ങളിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്വമുള്ള ചില ആളുകളും അവിടെ പോയി അന്വേഷണം നടത്തുകയും ചെയ്തു. വളരെ സംഭ്രമജനകമായ എന്തെല്ലാം കഥകളാണു് കുറെ പത്രങ്ങളിൽ എഴുതിയതെന്നുള്ള കാര്യം ഓർക്കണം. ദീപികയാണു് അതിനു് നേതൃത്വം കൊടുത്തതു്. 15 പേരെ വെടിവച്ചു കൊന്നിരിക്കുന്നു എന്ന തലക്കെട്ടോടുകൂടിയുള്ള ലേഖനത്തിൽ 5 പേരെ വെടിവച്ചു കൊന്നിട്ടുള്ള എന്നു പിന്നീടുപറയുന്നു. ഷെഡ്ഡുകൾക്കു് തീവച്ചു് ആളുകളെകൊന്നു് അവരുടെ ശവം എരിഞ്ഞതിന്റെ നാറ്റം ദീപികയുടെ ആഫീസിൽ എത്തിയെന്നാണു് അവർ പറയുന്നതു്. ദുരുദ്ദേശപരമായിട്ടാണു് അങ്ങനെ പറയുന്നു, മറ്റുള്ളവർ ഇങ്ങനെ പറയുന്നു എന്നെല്ലാം വളരെ അവ്യക്തമായി പറഞ്ഞു മനപൂർവ്വമായി സംഭ്രമമുണ്ടാക്കാൻ പ്രചരണം നടത്തുകയാണു് ഇക്കൂട്ടർ ചെയ്തിരിക്കുന്നതു്. അതു ഇപ്പോഴും തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണു്. അവരുടെമേൽ എന്തു നടപടി നടത്താമെന്നു ഗവണ്മെന്റു് ആലോചിക്കുകയാണു്. ഇത്രത്തോളം അടിസ്ഥാനരഹിതമായ കെട്ടുകഥകളുണ്ടാക്കി വളരെ ദോഷം സംസ്ഥാനത്തിനും ഇവിടത്തെ ജനങ്ങൾക്കും ഉണ്ടാകത്തക്കവണ്ണം ഇപ്രകാരം പ്രചരണം നടത്തിയിട്ടുള്ളതു ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതിനുമുൻപുണ്ടായിട്ടില്ല. എന്തായാലും അവിടെ കുറെ ആളുകൾ പോയിട്ടുണ്ടല്ലോ, അവർ വിവരങ്ങൾ അന്വേഷിച്ചുവരട്ടെ എന്നു വിചാരിച്ചു. അവർ വളരെ അന്വേഷണമൊന്നും നടത്താൻ പോയതല്ല. കുറേപേരെകണ്ടു് ചോദിച്ചിരിക്കും. ആരെങ്കിലും വെടിവയ്പ്പു നടന്നതായി ഇതുവരെ പറഞ്ഞു ഞാൻ കേട്ടിട്ടില്ല. ഏതായാലും അവിടെ സംഭ്രമജനകമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ പോലീസു് അവിടെ ലാത്തിച്ചാർജ്ജു് നടത്തുകയും, അവരെ ആക്രമിക്കാൻ ചെന്ന ആളുകളുടെ പേരിൽ രണ്ടു കേസു് രജിസ്റ്റർ ചെയ്യുകയും കുറേപ്പേരെ അറസ്റ്റു ചെയ്യുകയും ചെയ്തുകഴിയുമ്പോൾ കുറെ സംഭ്രമമുണ്ടാകും എന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അതിന്റെ ഫലമായി സ്ത്രീകൾക്കും കുട്ടികൾക്കും വിഷമമുണ്ടെന്നു പറഞ്ഞു. അവരുടെ ഭർത്താക്കന്മാരെ അറസ്റ്റു ചെയ്തിരിക്കുന്നതുകൊണ്ടു് അവർക്കു് ഭീതിയുണ്ടു്. ഏതൊരു കേസിലും പുരുഷന്മാരെ അറസ്റ്റുചെയ്യുമ്പോൾ അവർക്കു ഭാര്യമാരുണ്ടെങ്കിൽ ഫലത്തിൽ വിഷമംവരും. കുട്ടികളുണ്ടെങ്കിൽ അവർക്കും വിഷമംവരും. എന്നു വിചാരിച്ചു ഈ സംസ്ഥാനത്തു് ഒറ്റ പുരുഷനേയും അറസ്റ്റുചെയ്യാതിരിക്കാൻ സാദ്ധ്യമല്ല. അങ്ങനെ കുറേ പുരുഷന്മാരെ അറസ്റ്റു ചെയ്തിട്ടുണ്ടു്. ആ പുരുഷന്മാരുടെ സ്ത്രീകൾക്കു് വിഷമം കാണും. പക്ഷേ കുറേപേർക്കെങ്കിലും വിഷമം ഉണ്ടാകാതിരിക്കത്തക്കവണ്ണം കുറ്റം ചെയ്തിട്ടില്ലാത്തവരോടു് മര്യാദയായി പെരുമാറാൻവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. ജൂഡീഷ്യൽ ആഫീസറന്മാർ സ്ഥലത്തുതന്നെയുണ്ടു്. അവർ അവിടെ ക്യാമ്പുചെയ്യണം, ദൂരെ പോകരുതെന്നു ഏർപ്പാടു ചെയ്തിരിക്കുകയാണു്. എന്തുകൊണ്ടെന്നാൽ പോലീസിന്റെ കയ്യിലേക്കു് ഇതു എറിഞ്ഞുകൊടുത്തിരിക്കുകയല്ല ചെയ്തിരിക്കുന്നതു്. ഇതുയൊക്കെ അവിടെ സംഭവിച്ചു. അവിടെനിന്നു് സമ്മതമുള്ള ആളുകളെപ്പോലും ഇറക്കിവിടാതിരിക്കാനുള്ള പരിപാടികളാണു് ചിലർ ഉണ്ടാക്കുന്നതു്. സമ്മതമുള്ളവരെ കൊണ്ടുപോകാനും മറ്റുള്ളവരെ ഇറക്കിവിടാനും ഗവണ്മെന്റു് സന്നദ്ധമായിട്ടുണ്ടു്. അവർക്കു് താമസിക്കുന്നതിനു് വേറെ സ്ഥലം സജ്ജമാക്കിയിട്ടുണ്ടു്. ആ സ്ഥലങ്ങളിൽ അവരെ കൊണ്ടുവിട്ടു് ഏതെല്ലാംതരത്തിലുള്ള സൗജന്യങ്ങളും അവർക്കു ചെയ്യാമോ അതൊക്കെ ഗവണ്മെന്റു് ചെയ്യുന്നതാണു്. സുഖമില്ലാത്ത ആളുകളെ ഡാക്ടർമാരുടെ പരിരക്ഷയോടുകൂടി നീക്കപ്പെടുന്നതി

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ജീപ്പും മറ്റു വാഹനങ്ങളും പോകാവുന്നിടത്തോളം ദൂരം പോയി അവരെ കൊണ്ടുപോകുന്നതിനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ട്, അതിനുപുറമേ വേറൊരു പ്രയാസംകൂടി അവർക്കുണ്ടെന്നു അവർ അറിയിക്കുകയുണ്ടായി. പലരും കൃഷിചെയ്ത കപ്പ എടുത്തു ഉണക്കിവച്ചിരിക്കുകയാണു്. അതു് കൂടുതലുണ്ടു്, കൊണ്ടുപോകാൻ സൗകര്യം വേണമെന്നു് അവർ ആവശ്യപ്പെട്ടു. എന്നാൽ വേറെ കുറേ ആളുകൾക്കു് നെല്ലുകൊണ്ടുപോകുന്നതിനു് സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നു ആവശ്യപ്പെട്ടു. അതുകൊണ്ടു് ഞാൻ കളക്ടർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്, ഇന്നത്തെ മാർക്കറ്റു് വിലക്കു് ഈ സാധനങ്ങളും കളക്ടർ വാങ്ങിക്കൊള്ളാൻ. അല്ലാതെ അവർക്കുതന്നെ അതു വിൽക്കാൻ കഴിയുമെങ്കിൽ അതിനുള്ള ഏർപ്പാടും ചെയ്തുകൊടുത്തിട്ടുണ്ടു്.

സർ, ഒരു ഗവണ്മെന്റും ഇതിനപ്പുറത്തുള്ള സൗജന്യബുദ്ധിയോടും മാനുഷികവിചാരത്തോടും അനധികൃതമായി വനംകയ്യേറിയവരെ ഇറക്കിവിട്ടിട്ടില്ല. ഇതാണു് വസ്തുത. ഇതിനപ്പുറത്തൊന്നും സാധ്യമല്ല. ആ നിലയിൽ ഒരു ഭരണിയന്തിരപ്രമേയം ഉണ്ടാക്കി ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ ചെയ്യുന്നതു് ഈ രാജ്യത്തെ വനം കയ്യേറ്റം ചെയ്യുന്ന പ്രവർത്തനങ്ങളെ പരോക്ഷമായി സഹായിക്കുകയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സർ, ഏറ്റവും ഉത്തരവാദിത്വത്തോടുകൂടിയാണു ഗവണ്മെന്റു് ഇക്കാര്യത്തിൽ പെരുമാറുന്നതു്. ബഹുമാനപ്പെട്ട പ്രതിപക്ഷങ്ങൾക്കു് വല്ല നിർദ്ദേശവും ഗവണ്മെന്റിനു് കൊടുക്കാനുണ്ടെങ്കിൽ കൊടുത്താൽ അതൊക്കെ പരിഹരിക്കാം. എനിക്കു തോന്നുന്നില്ല ഇവർക്കു് എന്തെങ്കിലും കൂടുതൽ സൗജന്യം ചെയ്യണമെന്നാഗ്രഹിക്കുകിലും പറയാൻ കാണുമെന്നു്. അവിടെ ചെന്നുനോക്കിയാൽ കാണാം ദിവസവും ലക്ഷക്കണക്കിനു രൂപ വിലവരുന്ന തടികളും വെട്ടു പോകുകയാണു്. ഇങ്ങനെ ഒരേർപ്പാടു് എന്തുയോ കൊല്ലമായി നടക്കുന്നുണ്ടു്. ഇതിനെന്തെങ്കിലും ഒരവസാനം കണ്ടെത്താൻ ഗവണ്മെന്റു് ഒരു കമ്മീഷനെ നിയമിച്ചു. ഇനിയെങ്കിലും കൂടുതൽ വനം കയ്യേറ്റം ഉണ്ടാകാതിരിക്കട്ടെയെന്നു കരുതി ഒരു ഡീമാർക്കേഷൻ ഉണ്ടാക്കി. അതിനകത്തുള്ളവരെ ഇറക്കാൻ തീരുമാനിച്ചു. ഇങ്ങനെ അവരെ ഇറക്കിയാൽ കയ്യേറ്റം ചെയ്തവരാണെങ്കിലും ശരി അൻപതിനായിരത്തോളം ഏക്കർ സ്ഥലം പതിച്ചു കൊടുക്കുന്നതിനുള്ള വ്യവസ്ഥകളും ഗവണ്മെന്റു് ചെയ്തിരിക്കുകയാണു്. ഈ നിലക്കു് ഗവണ്മെന്റിനെ കുറ്റപ്പെടുത്താനുള്ളതു് അവരോടു് ഇത്ര ഔദാര്യം കാണിച്ചതു് ശരിയായില്ല എന്നുള്ളതാണു്. എന്നിട്ടും പ്രായോഗികബുദ്ധിയോടുകൂടി കഴിയുന്നിടത്തോളം യാതൊരു കലാപവും ഉണ്ടാകരുതെന്നു കരുതി ഗവണ്മെന്റു് ഇത്തരം നടപടികളും എടുത്തതാണു്. അപ്പോഴും ഈ സംഗതിയിൽ ഗവണ്മെന്റു് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്തിട്ടുണ്ടു്. അവിടെ അന്വേഷണം നടത്തണമെന്നു് ചിലർ ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. എന്തിനേപ്പറ്റിയാണു് അന്വേഷണം നടത്തേണ്ടതെന്നു് എനിക്കു മനസിലാകുന്നില്ല. പിന്നൊരു ചോദ്യവും ഉന്നയിക്കപ്പെട്ടിട്ടുണ്ടു്, എന്തു കാരണം വച്ചുകൊണ്ടാണു് ആളുകളെ അതിനകത്തു് പ്രവേശിപ്പിക്കാതിരുന്നതെന്നു്. അതൊരു റിസർവ്വു് ഫോറസ്റ്റാണു്. റിസർവ്വു് ഫോറസ്റ്റിൽ ആരും കയറാതിരിക്കാനുള്ള ചട്ടം നിയമപ്രകാരമുണ്ടു്. പക്ഷേ ഒരു കാര്യം എനിക്കുറപ്പു തരാൻ കഴിയും. ഇതുവരെ ചെയ്തിടത്തോളമുള്ള കാര്യത്തെപ്പറ്റി സാമാന്യമായ ബോധമെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങളിൽ പലർക്കും ഉണ്ടാകത്തക്കവണ്ണം ഒരു കാര്യത്തിൽ ഉറപ്പു പറയാൻ കഴിയും. അവിടെ അനാവശ്യമായ യാതൊരു ബലപ്രയോഗവും ഉണ്ടായിട്ടുകയില്ല. അവിടെ നിന്നു് ഇറക്കിക്കൊണ്ടു പോകുന്നവർക്കു് വിഷമമുണ്ടാകുന്ന യാതൊരു സ്ഥിതിയും ഉണ്ടായിട്ടുകയില്ല. പക്ഷേ പോലീസിനെ ഭയപ്പെടുത്താം, സർക്കാരിനെ ഭയപ്പെടുത്താമെന്നുള്ളമട്ടിൽ ആരു് എവിടെ പെരുമാറിയാലും അതു് വകവയ്ക്കാതെ പോകുന്നില്ല. സർക്കാർ ഉള്ളിടത്തോളം കാലം സർക്കാർ ഉള്ള രീതിയിൽതന്നെ കൈകാര്യം ചെയ്യും. പക്ഷേ നിശ്ചയമായും ഒരാൾക്കും ന്യായമായ സങ്കടത്തിനു് ഇടവരുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, എനിക്ക് പറയുവാനുള്ളത്, ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും, ഈ രാജ്യത്തെ പൊതുക്കാര്യങ്ങളിൽ താൽപ്പര്യമുള്ളവരും ചെയ്യേണ്ട ഒന്നുണ്ട്. അവരോട്, ഈ വനം കയ്യേറ്റക്കാരോട് മര്യാദയായി ഇറങ്ങിപ്പോകാൻ ഉപദേശിക്കണം. യാതൊരു തടസ്സവും ഉണ്ടാക്കാതെ ഇറങ്ങിപ്പോകണമെന്ന് ഉപദേശിക്കണം, സർ, ഇതേവരെ താൽപ്പര്യം പ്രകടിപ്പിച്ചുകേട്ട ഒരാളും ഇങ്ങനെ പറഞ്ഞിട്ടില്ല. ഈ ദുഷ്പ്രവൃത്തികളൊക്കെ ചെയ്യുന്നുണ്ടല്ലോ, മര്യാദയായി ഇറങ്ങിപ്പോവുക എന്ന് ഒരാളും അവരോട് പറഞ്ഞതായി ഇതുവരെ കേട്ടിട്ടില്ല ഇത് ശരിയാണെന്നു തോന്നുന്നില്ല. രാജ്യത്തിന്റെ താൽപ്പര്യങ്ങളെ മുന്നിൽവച്ചുകൊണ്ട് ഗവണ്മെന്റ് വളരെ കരുതലോടുകൂടി ആർക്കും വിഷമം ഉണ്ടാകാതിരിക്കാൻവേണ്ടി കൈക്കൊണ്ടിരിക്കുന്ന ഈ നടപടിയെ അങ്ങേയറ്റം പിൻതാങ്ങണമെന്ന അഭിപ്രായം രേഖപ്പെടുത്തുകൂടി പ്രകടിപ്പിച്ചുകൊണ്ട് ഇവിടെ ഒരു അടിയന്തിരപ്രമേയത്തിനും യതൊരു കാര്യവും ഉണ്ടായിട്ടില്ലെന്നുള്ള കാര്യവും ഞാൻ ബഹുമാനപ്പെട്ട സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം പരിഹരിക്കുന്നതിനു പ്രതിപക്ഷാംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയുണ്ടായി, ആ അഭ്യർത്ഥന ഞങ്ങൾക്കുമാണെങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ ഗവണ്മെന്റ് എടുത്തിട്ടുള്ള സമീപനത്തിൽ കാര്യമായ ചില മാറ്റങ്ങളും വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

പോലീസ് അതിനകത്തു നടത്തിയിട്ടുള്ളതെല്ലാം വളരെ ന്യായമായിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പും പറഞ്ഞു, ഇന്നും അതാവർത്തിച്ചു. അതിനോട് ഞാൻ യോജിക്കുന്നില്ല. ഞാനും എന്റെകൂടെ അവിടെ പോയ സുഹൃത്തുക്കളും,അങ്ങ് അടക്കം സർ അവിടെപോയി കണ്ടിട്ടുള്ള ചില സംഗതികളും സഭയെ അറിയിക്കേണ്ടതുണ്ട്. സർ, അവിടത്തെ ഉദ്യോഗസ്ഥന്മാർ അവിടത്തെ ശരിയായ വിവരങ്ങളും മുഖ്യമന്ത്രിയിൽനിന്നു മറച്ചുവയ്ക്കുകയോ, അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അതു സഭയിൽനിന്നു മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ട്.

അവിടെയുള്ള കടകളൊന്നുതന്നെ ഇന്നു പ്രവർത്തിക്കുന്നില്ല. അവിടെയുണ്ടായിരുന്ന 6 കടകളും കത്തിച്ചാമ്പലായിപ്പോയിരിക്കുന്നു. ഇങ്ങനെ കത്തി ചാമ്പലാവാത്ത ഇപ്പോഴും നിൽക്കുന്ന കടകളിൽ യാതൊരു സാധനവുമില്ല. ഞാൻ അവിടെപോയി നോക്കിയിട്ടുള്ള കടകളിൽ ഒരു കടയിൽ കുറച്ചുനെല്ലും, വേറൊന്നിൽ കുറച്ചു പുല്ലിയും മാത്രമാണുള്ളത്. ബാക്കി ഒറ്റക്കടയിലും ഒരൊറ്റ സാധനവുമില്ല. ആ കടകളുടെ പിൻവശത്തെ മുറികളിലാണു ചില ആളുകൾ താമസിക്കുന്നത്. അവർക്ക് അവിടെ താമസിക്കാൻപോലും അനുവാദമില്ല. അവിടെ താമസിക്കുന്ന ചില ആളുകൾ ഞങ്ങളുടെ കൈയ്യിലുള്ള ചില സാധനങ്ങളെങ്കിലും വച്ച് കച്ചവടം നടത്തിക്കോട്ടെ എന്നു പറഞ്ഞിട്ടുപോലും ഇന്നും അനുവാദം നൽകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി ന്യായമായിട്ട് അവർക്ക് വേണ്ടതെല്ലാം അനുവദിക്കാം മനസ്സോടെ പോകുന്നവരെങ്കിലും പൊയ്ക്കോട്ടെ എന്ന് അദ്ദേഹം പറയുകയുണ്ടായി. അവിടെ ബാക്കിയുള്ള സ്ത്രീകൾ അവിടെ പോയി താമസിക്കട്ടെ ചില കച്ചവടങ്ങളെങ്കിലും നടത്തട്ടെ എന്നു പറഞ്ഞിട്ട് അവരെ അനുവദിച്ചിട്ടില്ല. ഇപ്പോഴും സ്ഥിതി ഇതാണ്.

ഇതുമാതിരി നിരവധി കഥകൾ പറയാനുണ്ട്. അതെല്ലാം ആവശ്യമാണോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി ഈ സഭയിൽ ചർച്ച നടത്തേണ്ടതാണ്. കീഴേനിന്നു ഉദ്യോഗസ്ഥന്മാർ അയച്ചിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സെക്കന്റ് ഹാന്റായിട്ട് മുഖ്യമന്ത്രി ഇവിടെ തന്നു വിവരങ്ങൾക്കു പുറമെ അവിടെ പോയിട്ടുള്ള ഞങ്ങൾക്ക് ചില വിവരങ്ങൾ തരാനുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കേണ്ടതു് എങ്ങനെയാണ്; വനം കയ്യേറ്റം, വനസമ്പത്തു് രക്ഷിക്കൽ ഇതിനൊക്കെ എന്തെല്ലാം നടപടികൾ എടുക്കണം ഇതിനെയെല്ലാം സംബന്ധിച്ച് പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾക്കും ചില അഭിപ്രായങ്ങൾ പറയാനുണ്ട്. ഇതിനുമുമ്പ് അമരാവതിയിൽ ഇതുപോലെ കൂടിയിരുന്നു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

അന്നത്തെ ആഭ്യന്തരകാര്യമന്ത്രിയും റവന്യൂമന്ത്രിയുമായി മിസ്റ്റർ ചാക്കോ ഗവണ്മെൻറിനുവേണ്ടി ഞങ്ങൾക്കൊരു ഉറപ്പുതന്നിട്ടുണ്ട്. ഇനിമേൽ ഇത്തരം കൂടിയിറക്കലും നടക്കുന്ന അവസരത്തിൽ അതു് ആവശ്യമായ കൂടിയിറക്കലാണോ, ആവശ്യമായ സ്ഥലത്തുനിന്നാണോ കൂടിയിറക്കുന്നതു്, ന്യായമായിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായിട്ടാണോ കൂടിയിറക്കു നടത്തുന്നതു് എന്നുള്ളതിനെ സംബന്ധിച്ചു്, രാഷ്ട്രീയകക്ഷികളും ബന്ധപ്പെട്ട സംഘടനകളുമായി ആലോചിച്ചു് ഒരു ധാരണ ഉണ്ടാക്കിയിട്ടു് ചെയ്യാമെന്നു് പറയുകയുണ്ടായി. ആ ധാരണ അന്നു് എഴുതിത്തന്നില്ലാതെ പിന്നെ നടപ്പിലാക്കിയിട്ടില്ല. വന സംരക്ഷണ പ്രശ്നത്തെക്കുറിച്ചന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചതു മുതൽക്കു് ആ കമ്മിറ്റിയുടെ റിപ്പോർട്ടു് നടപ്പിൽ വരുത്താൻ വേണ്ടി ഇപ്പോഴും എടുക്കുന്ന നടപടികൾഭരെ ഒരൊറ്റ സന്ദർഭത്തിൽപോലും പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളുടെ സഹകരണം ആവശ്യപ്പെട്ടിട്ടില്ല.

സർ, പത്തറുന്നൂറു പോലീസുകാർ മാർച്ചു ചെയ്യുന്ന ഒരന്തരീക്ഷമാണു് അവിടെ ഉണ്ടായതു്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുപോലും അതിനുള്ളിൽ കടക്കണമെങ്കിൽ അനുവാദം വേണമെന്ന മാത്രമല്ല പോലീസ് എസ്കോർട്ടും വേണം. ഉത്തരവാദപ്പെട്ട പത്രപ്രവർത്തകർക്കു പോകണമെങ്കിൽ അനുവാദംവേണം. പത്തഞ്ഞൂറു കുടുംബങ്ങൾ താമസിക്കുന്ന ഒരു സ്ഥലത്തേക്കു് ഈ നിയമസഭയിലെ ഉത്തരവാദപ്പെട്ട മെമ്പറന്മാർക്കുപോലും കടന്നുപോകണമെന്നുണ്ടെങ്കിൽ പോലീസ് എസ്കോർട്ട വേണം. ആ ചട്ടിത്തൊപ്പിവച്ചിട്ടുള്ള പോലീസുകാരുടെ സഹായത്തോടുകൂടിയാണു് ഞാൻ അവിടെ പോയതു്. മുഖ്യമന്ത്രി പറഞ്ഞു നിയമമനുസരിച്ചേ പ്രവർത്തിക്കുകയുള്ള എന്നു്. അതുപ്രകാരം തന്നെയാണോ പ്രവൃത്തി എന്നകാര്യം ഈ സഭയിൽ ചർച്ച ചെയ്യണം. ചർച്ച ചെയ്തിട്ടു് ഗവണ്മെൻറിൻറെ നിലപാടു മാറ്റണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ഗവണ്മെൻറു് ഈ നാട്ടിലെ രാഷ്ട്രീയപാർട്ടികളോടും ബന്ധപ്പെട്ട സംഘടനകളോടും ആലോചിച്ചുവേണം ഈ പ്രശ്നങ്ങൾക്കു് പരിഹാരം കാണാനെന്നുള്ള മൗലികമായിട്ടുള്ള സമീപനം അംഗീകരിക്കുകയാണെന്നുണ്ടെങ്കിൽ ഈ നാട്ടിലെ വനസമ്പത്തു് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തു സഹായവും ഗവണ്മെൻറിനു നൽകാൻ ഞങ്ങൾ തയ്യാറാണു്. പക്ഷേ ഞങ്ങളുമായി യാതൊരു സഹകരണവും തേടാതെ, അവിടത്തെ ആളുകൾക്കുവേണ്ടി യാതൊന്നും ചെയ്യാതെ, നിങ്ങൾ നിങ്ങളുടെ പാർട്ടിക്കാരെ കുത്തിനിറച്ചുകൊണ്ടു് ഒരു കമ്മിറ്റി ഉണ്ടാക്കി. ആ കമ്മിറ്റിയുടെ റിപ്പോർട്ട വരുത്തി, ആ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണെന്നു പറഞ്ഞു് എന്തെങ്കിലും കാണിച്ചാൽ അതിനോടു യോജിക്കാൻ നിവൃത്തിയില്ല. ഇതെല്ലാം കഴിഞ്ഞിട്ടു് ഇറങ്ങിപ്പോകാൻ നിങ്ങൾ അവരോടു പറയണം എന്നു പറഞ്ഞാൽ അതു നടപ്പുള്ള കാര്യമല്ല. ഈ നിലപാടു് മാറ്റാൻ ഗവണ്മെൻറു് തയ്യാറുണ്ടോ, ഇല്ലയോ എന്നാണു പ്രശ്നമായിട്ടുള്ളതു്.

എനിക്കു് അടുത്തതായി പറയാനുള്ളതു് വെടിവയ്പിൻറെ കാര്യത്തെപ്പറ്റിയാണു്. ഞാൻ അവിടെ ചെന്നു നോക്കിയിട്ടുള്ളതിൽനിന്നു് ഗവണ്മെൻറു് വെടിവയ്പു് നടന്നിട്ടില്ലെന്നു പറയുന്നതു് ശരിയല്ലെന്നാണു് തോന്നിയിട്ടുള്ളതു്. ഇവിടെ മുഖ്യമന്ത്രി ദീപികയുടെ റിപ്പോർട്ടിനെപ്പറ്റി പറഞ്ഞു. പക്ഷേ, ദീപിക എത്താത്ത പ്രദേശത്തുനിന്നും ആണു് ദീപികയിൽവന്ന കാര്യങ്ങൾ അവിടത്തെ ജനങ്ങൾ പറഞ്ഞതു്. അവിടത്തെ കുഞ്ഞുകുട്ടികളടക്കം സ്ത്രീകൾവരെ പറയുന്നതു് ഇങ്ങനെയാണു്. ആ സ്ഥിതിക്കു് ഇതിൽ സത്യത്തിൻറെ കണികയെങ്കിലുമുണ്ടോ എന്നുള്ളതു് പരിശോധിച്ചറിയേണ്ടതാണു്. ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകൊണ്ടുമാത്രം വിശ്വസിക്കാൻ പാടില്ല. യാതൊന്നും നടക്കാത്തതാണു് ദീപിക കെട്ടിച്ചമച്ചതെന്നാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു്. ദീപിക പത്രം എത്താത്തായിട്ടുള്ള പ്രദേശത്തെ ജനങ്ങൾ പറയുന്നതു് ഇതേ കാര്യമാണു്. വെടിവയ്പു നടന്നു,

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും വീണു, വീണിട്ടുള്ള ആളുകളെ എടുത്തുകൊണ്ടുപോയി എന്നെല്ലാം ആളുകളും പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്ക് ഏറ്റവും മാന്യമായിട്ടു ചെയ്യാനുള്ളതു് വെടിവയ്പു് നടന്നിട്ടില്ലെന്നു് ഉദ്യോഗസ്ഥന്മാരും, വെടിവയ്പു് നടന്നിട്ടുണ്ടെന്നു് അവിടത്തെ ജനങ്ങളും പറയുന്ന സ്ഥിതിക്കു് സത്യാവസ്ഥ അന്വേഷിക്കുന്നതിനു് ഒരന്വേഷണം നടത്തുകയാണു്. അതുപോലെതന്നെ കടപൊളിക്കൽ അടക്കമുള്ള സംഭവങ്ങളാണു് അവിടെ നടന്നിട്ടുള്ളതെന്നുള്ള കാര്യത്തിൽ നിഷ്പക്ഷമായിട്ടുള്ള ഒരു അന്വേഷണം നടത്തണം. അതോടൊപ്പം തന്നെ കടിയിറക്കു പ്രശ്നത്തെ സംബന്ധിച്ചിടത്തോളമുള്ളതിനു് പരിഹാരം മുമ്പുതന്നെ ജനപ്രതിനിധികളുമായി ആലോചിച്ചുകൊണ്ടു് എടുക്കാമെന്നും ഉറപ്പുതരണം.

പിന്നെ അവസാനമായിട്ടു് മറ്റൊരുകാര്യംകൂടി എനിക്കു പറയുവാനുള്ളതു് അവിടെ യാതൊന്നും നടന്നിട്ടില്ലെന്നു പറഞ്ഞതിനെപ്പറ്റിയാണു്. മൂന്നു നാലു ദിവസത്തോളം അവിടെ യാതൊരു കടയും ഇല്ലാത്തതുകൊണ്ടു് അരിവാങ്ങാൻ നിവൃത്തിയില്ല. അരിയുള്ളവർക്കു് കഞ്ഞിവച്ചാൽ അതിലൊഴിക്കാൻ ഉപ്പുപോലുമില്ല. ഉണ്ടായിരുന്ന കടകളെല്ലാം നശിപ്പിച്ചുകളഞ്ഞു. ഉപ്പടക്കമുള്ള സാധനങ്ങളും വാങ്ങണമെങ്കിൽ നാലുമൈൽ ദൂരത്തുള്ള പനംകുട്ടിയിൽ പോകണം. ആ പ്രദേശത്തേക്കു പോയാൽ പിന്നെ വരാൻ നിവൃത്തിയില്ല. രണ്ടുമൂന്നു ദിവസത്തോളം കൊച്ചുകുട്ടികളടക്കമുള്ള ആളുകൾക്കു് ഇതുമൂലം പട്ടിണിയിൽ കഴിച്ചുകൂട്ടേണ്ടി വന്നു എന്നാണു് അറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഈ സ്ഥിതിക്കു് എനിക്കു് മന്ത്രിയോടു് അഭ്യർത്ഥിക്കുവാനുള്ളതു് ഈ വക സംഗതികളെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ ചർച്ച നടക്കണം. ആ ചർച്ചയിൽ അങ്ങേടക്കം ആ ഭാഗത്തുള്ളവരും ഈ ഭാഗത്തു ഇരിക്കുന്നവരുമായ മെമ്പറന്മാർ പങ്കെടുക്കാൻ സൗകര്യമുണ്ടാക്കണം. എങ്കിൽ മാത്രമേ ഈ പ്രശ്നത്തിനു് പ്രായോഗികമായിട്ടുള്ള പരിഹാരം കാണാൻ നിവൃത്തിയുള്ളു. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. ആർ. ശങ്കർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവു പറഞ്ഞ കാര്യങ്ങളും വച്ചുകൊണ്ടു് ഞാൻ നേരത്തെ പറഞ്ഞ അഭിപ്രായത്തിൽ നിന്നു ഭിന്നമായ എന്തെങ്കിലും പറയണമെന്നു വിചാരിക്കുന്നില്ല. സർ അവിടെ വെടിവച്ചതു് ആരും കണ്ടിട്ടില്ലെങ്കിൽ വെടിവച്ചു എന്നു പറഞ്ഞാലൊക്കുമോ? ഇതിൽ കൺഫ്യൂഷൻ ഉണ്ടായ വിവരം ഞാൻ പറഞ്ഞുകൊള്ളട്ടെ. ടിയർ ഗ്യാസ് ഷെല്ലു് പ്രയോഗിക്കുന്നതു് ഒരു പെറിയതരം തോക്കുപോലിരിക്കുന്ന സാധനം കൊണ്ടാണു്.

ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാടു്: അതെല്ലാം ഉപയോഗിക്കുകയാണെന്നുണ്ടെങ്കിൽ ഒരു അഡ്ജേൺമെന്റു് മോഷൻ അനുവദിച്ചു് ചർച്ച ചെയ്തു വ്യക്തമാക്കുകയല്ലേ നല്ലതു്?

ശ്രീ. ആർ. ശങ്കർ: ഇതാണു് ടിയർഗ്യാസ് ഷെൽ. ഈ ഷെല്ലു് കണ്ടാൽ തോക്കുപോലെ തോന്നും. ഇതിനകത്തുവച്ചു കാഞ്ചി വലിച്ചാൽ ഷെല്ലു് കുറെ ദൂരെ പോയി വീഴുകയും, അവിടെനിന്നു് ടിയർ ഗ്യാസ് പുറത്തു പുറപ്പെടുകയും ചെയ്യും.

[ടിയർഗ്യാസ് ഷെല്ലും അതിന്റെ പ്രവർത്തനത്തിനു് ഉപയോഗിക്കുന്ന ഉപകരണവും സഭയിൽ കാണിച്ചു.]

ഈ ടിയർഗ്യാസ് അവിടെ പ്രയോഗിച്ചുവെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞു. ഇതുകൂടാതെ ഗ്രനേഡ് എന്നു പറയുന്നതുമുണ്ടു്.

[അതും സഭയിൽ കാണിച്ചു]

ഇതിലുള്ള ഒരു പിൻ ഊരിയിട്ടു് ദൂരെ എറിഞ്ഞാൽ അതിൽനിന്നു ഗ്യാസ് വരും. വളരെ ദൂരെപ്പോകണമെങ്കിലാണു് ആദ്യം പറഞ്ഞ തരം ടിയർഗ്യാസ് ഉപയോഗിക്കുന്നതു്. ഇതേ അവിടെ പ്രയോഗിച്ചിട്ടുള്ള. പക്ഷേ വിചാരിച്ച ഫലം ഉണ്ടാകാത്തതുകൊണ്ടു് ലാത്തിചാർജ്ജു് നടത്തി. അതിൽ കുറെ മുറിവുകളും ചിലർക്കു് പറ്റിയിരിക്കും; ലാത്തിചാർജ്ജുചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

വരോട് വളരെ കരുതലോടുകൂടി മുട്ടിനുതാഴെ മൂന്നിഞ്ചുവിട്ടേ അടിയ്ക്കാവൂ എന്നൊക്കെ പറഞ്ഞാൽ അതു നടക്കുന്ന കാര്യമാണോ? ചിലപ്പോൾ അതിലൊക്കെ കുറച്ചുമാറും വരാം. ഇതുമൂലം അവിടെയുള്ള ആളുകളുടെ ഇടയിൽ കുറച്ചു ഭീകരാവസ്ഥ സംജാതമായി എന്നു പറയുന്നതു ശരിയായിരിക്കും. അവിടത്തെ പ്രവർത്തനങ്ങൾ ന്യായമായി മുമ്പോട്ടുപോകുന്നതിനു് പ്രതിബന്ധമായിരിക്കും ഇപ്പോൾ ഇതിനെപ്പറ്റി ഒരന്വേഷണം നടത്തുന്നതു്. അവിടെയുള്ള ആളുകൾക്കു് ഉപ്പുവരെയുള്ള സാധനങ്ങൾ കിട്ടുന്നില്ലെന്നു പ്രതിപക്ഷനേതാവു് പറഞ്ഞതിനെപ്പറ്റി അന്വേഷിക്കുകയും അങ്ങനെ ഒരു വിഷമം വരാതെ നോക്കുകയും ചെയ്യാം.

Mr. Chairman: In the light of the explanation given by the Chief Minister and also the statement given by the Leader of the Opposition and more so, because we are entering into the Budget discussion, I withhold consent to the moving of this Adjournment Motion.

Alleged Police interference in the Strike in the Purushotham Gokuldas Plywood Factory, Pappinisseri

Mr. Chairman: The hon. Minister for Labour has promised to place before the House the facts about an Adjournment Motion given notice of by Shri T. C. Narayanan Nambiar on 27-2-1964. I call upon the Minister to place the facts before the House.

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): ശ്രീ. ടി. സി. നാരായണൻനമ്പ്യാർ രണ്ടുദിവസംമുൻപു് പാപ്പിനിശേരി പ്ലൈവുഡ് ഫാക്ടറിയെ സംബന്ധിച്ചു ഒരു മോഷൻ ഇവിടെകൊണ്ടുവന്നു. അവിടെയുള്ള വർക്കുലോഡ് സംബന്ധിച്ചും, ജോലിക്കാർക്കു് സ്ഥിരമായി അവിടെ ജോലി കിട്ടേണ്ട കാര്യം സംബന്ധിച്ചും തർക്കമുണ്ടായതിൽ ഞാനും കൂടി അവിടെ ചെന്നിരുന്ന ഇരുകക്ഷികളേയും വിളിച്ചു് ഒരു തീരുമാനത്തിൽ എത്തി. അതിന്റെ വെളിച്ചത്തിൽ അവിടത്തെ ഡിസ്ട്രിക്റ്റു് ലേബർ ആഫീസർ നിഷ്കർഷമായ അന്വേഷണം നടത്തി അവസാന തീരുമാനത്തിലെത്താനുള്ള കാലഘട്ടമാണിതു്. ഫെബ്രുവരി 28–ാം തീയതിയായിരുന്ന മീറ്റിംഗ് അതിനു മുൻപു് 20–ാം തീയതി ആ ഫാക്ടറിയിൽ രാത്രിയിൽ ജോലിയിലുണ്ടായിരുന്ന മൂന്നുപേരെ കാണാതെപോയി. അന്വേഷിച്ചപ്പോൾ രണ്ടുപേർ തൃപ്തികരമായ സമാധാനം നൽകി. മൂന്നാമത്തെ ആൾ ഒരു സമാധാനവും പറയാതെ ഇരുന്നപ്പോൾ ഫാക്ടറി ഉടമ അയാളെ സസ്പെൻറു ചെയ്തു് എൻക്വയറിക്കു് ഓർഡറായി. ഇതിൽ പ്രതിഷേധിച്ചു് മറ്റു ജോലിക്കാർ 21–ാം തീയതിമുതൽ ഒരു സ്റ്റേ ഇൻ സ്ട്രൈക്ക് ചെയ്തു. അപ്പോൾ അവിടെയുണ്ടായിരുന്ന ഉടമസ്ഥന്മാരിൽ രണ്ടുപേരെ പുറത്തുപോകാൻ തൊഴിലാളികൾ സമ്മതിച്ചില്ല. അവർക്കു് ഭക്ഷണം കഴിക്കാൻപോലും പോകാൻ കഴിഞ്ഞില്ല. വിവരം പോലീസിനെ അറിയിക്കുകയും പോലീസുവന്നു് അവരെ പോകാൻ അനുവദിക്കണമെന്നും, മറ്റു കാര്യങ്ങളെസംബന്ധിച്ചു കളക്ടരും, ലേബർ ഓഫീസറും ആലോചിക്കുമെന്നു പറഞ്ഞുനോക്കിലും അവരെ പോകാൻ സമ്മതിച്ചില്ല. അപ്പോൾ നാല്പതുപേർ ഗേറ്റിൽനിന്നുകിടന്നു. പോലീസുകാർ അവരെ മാറ്റി. നിർബന്ധംപിടിച്ചുകിടന്നിരുന്നതുകൊണ്ടു് അവരെ മാറ്റിയപ്പോൾ ചിലരുടെ തൊലി അൽപ്പസ്വല്പം പൊട്ടുകയുണ്ടായി. അവർ ആസ്പത്രിയിൽ പോയിട്ടുണ്ടു്. ഇതുസംബന്ധിച്ചു് പോലീസു് ഒരു കേസും എടുത്തിട്ടുണ്ടു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ: മിനിസ്റ്ററുടെ മദ്ധ്യസ്ഥതയിൽ കാര്യങ്ങളെല്ലാം തീർക്കാൻ ശ്രമിക്കുമ്പോൾ, കൺസിലിയേഷനിൽ ഇരിക്കുന്നസമയത്തുതന്നെ സസ്പെൻറുചെയ്യുവെന്നു് ബോധ്യംവന്നസ്ഥിതിക്കു് മാനേജ്മെൻറിന്റെ പേരിൽ ആക്ഷൻ എടുത്തു് ഈ കാര്യം തീർക്കാൻ കൺഫറൻസു് വിളിച്ചുകൂട്ടാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly